## കേരള സർക്കാർ

### സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ തുലാപ്പറമ്പ് വെസ്റ്റ് റോഡിന് നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് പകരം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ലെ സൺ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)No.111/2026/F&P** **Dated,06/02/2026**

എ.എസ് നമ്പർ : AS/FSH/25/47134 കാലാവധി : 05/02/2029

പരാമർശം:- 1. സ.ഉ(സാധാ)നം.797/2025/മതുവ തീയതി: 24/10/2025

2. ബഹു.വൈപ്പിൻ എം.എൽ.എ.യുടെ 31/12/2025-ലെ KNU/MLA/TVM/2025-323 നമ്പർ കത്ത്.

3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04/02/2026-ലെ HECE/903/2025-D5 നമ്പർ കത്ത്.

### ഉത്തരവ് - പുതുക്കിയ എ എസ്

എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ തുലാപറമ്പ് വെസ്റ്റ് റോഡിന് പരാമർശം (1) പ്രകാരം 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ടി പഞ്ചായത്തിലെ വാർഡ് 17 (പുതിയ വാർഡ് നമ്പർ)-ലെ സൺ റോഡ് ടി റോഡിനേക്കാൾ ശോചനീയമായി കിടക്കുകയാണെന്നും ടി റോഡിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പരാമർശം (1) പ്രകാരം അനുവദിച്ച 40 ലക്ഷം രൂപ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16-ലെ സൺ റോഡിന്റെ സംരക്ഷണഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിക്കായി മാറ്റി അനുവദിക്കണമെന്നും ബഹു.എം.എൽ.എ. പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16-ലെ സൺ റോഡിന്റെ സംരക്ഷണഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ തുലാപ്പറമ്പ് വെസ്റ്റ് റോഡിന് പരാമർശം (1) പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് പകരം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ലെ സൺ റോഡിന്റെ

AS/FSH/25/47134

പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ഈ സാമ്പത്തിക വർഷത്തെ "4405-00-103-94-തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും 40.00 ലക്ഷം രൂപയുടെ (നാല്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4405-00-103-94-00-00-0-N-V | 1,47,00,000 | AS/FSH/25/47134 | 2028-10-23 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ - Revised

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ ഗൊണ്ട്പറമ്പ് മുതുകുപുറം റോഡിന്റെ പുനരുദ്ധാരണം | 1,07,00,000 |
| 2 | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ലെ സൺ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | 40,00,000 |
| ആകെ (ഒരു കോടി നാല്പത്തി ഏഴ് ലക്ഷം രൂപ) | | **1,47,00,000** |

പഴയ എ എസിന്റെ വിവരങ്ങൾ

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 ൽ തുലാപ്പറമ്പിൽ വെസ്റ്റ് റോഡിന്റെ പുനരുദ്ധാരണം | 40,00,000 |
| 2 | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ ഗൊണ്ട്പറമ്പ് മുതുകുപുറം റോഡിന്റെ പുനരുദ്ധാരണം | 1,07,00,000 |
| ആകെ (ഒരു കോടി നാല്പത്തി ഏഴ് ലക്ഷം രൂപ) | | **1,47,00,000** |

3) പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

AS/FSH/25/47134

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ജോയിന്റ് സെക്രട്ടറി

Fisheries

To

ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ, ബഹു.എം.എൽ.എ (വൈപ്പിൻ)
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/7/2026/മതുവ)

ഓർഡർ പ്രകാരം കൈമാറി,

സമീർ കുമാർ ഒ.ജെ

Digitally signed by Sameer Kumar. O. J
Date:07-02-2026 14:38:13

AS/FSH/25/47134